# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – T 876 10/06/2019-ൽ മറുപടിയ്ക്ക്

## നിയമസഭാംഗങ്ങളുടെ നിയോജകമണ്ഡലം അലവൻസിന്റെ മാനദണ്ഡങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ : | **ശ്രീ. എ.കെ. ബാലൻ**<br>പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
| (എ) നിയമസഭാംഗങ്ങൾക്ക് നൽകുന്ന നിയോജകമണ്ഡലം അലവൻസിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഇത് ചെലവഴിക്കാത്ത പക്ഷം സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതായി വരുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) നിയോജകമണ്ഡലം അലവൻസ് ജനപ്രതിനിധികളുടെ വരുമാനമായി കണക്കാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) യും (ബി) യും 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് നിയമസഭാംഗങ്ങൾക്ക് ശമ്പളവും മറ്റ് അലവൻസുകളും നിശ്ചയിച്ചിട്ടുള്ളത്. 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) നിയമത്തിലെ സെക്ഷൻ (3), (4) എന്നിവ പ്രകാരം മന്ത്രിമാർ, സ്പീക്കർ, ഡപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് തുടങ്ങിയവർക്ക് നിലവിൽ 40,000/- രൂപയും സെക്ഷൻ 8(1) (aa) പ്രകാരം മറ്റ് നിയമസഭാംഗങ്ങൾക്ക് 25,000/- രൂപയുമാണ് നിയോജകമണ്ഡലം അലവൻസായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമത്തിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന നിയോജകമണ്ഡലം അലവൻസ് വരുമാനമായി കണക്കാക്കാവുന്നതും ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ